**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 71** **01-02-2023 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്കിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | 2022 നവംബർ മുതൽ നാളിതുവരെ കെ-ഡിസ്കിൽ ഏതൊക്കെ തസ്തികയിൽ നിയമനത്തിനായി സി.എം.ഡി. മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്; ഓരോ തസ്തികയുടെയും പേര്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ഒഴിവുകളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ; | (എ) | 2022 നവംബർ മുതൽ നാളിതുവരെ കെ-ഡിസ്കിൽ സി.എം.ഡി. മുഖേന നടത്തിയ നിയമനങ്ങളുടെ പട്ടിക **അനുബന്ധമായി** ചേർക്കുന്നു.<br><br>നേരിട്ടുള്ള കരാർ നിയമനത്തിനായി രണ്ട് തസ്തികകളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുവാൻ സിഎംഡിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**i. സീനിയർ പ്രോഗ്രാം എക്സിക്യൂട്ടീവ് (എമേർജിങ് ടെക്നോളജിസ്)**<br>**<u>വിദ്യാഭ്യാസ യോഗ്യത:</u>**<br><br>• എഞ്ചിനീയറിംഗ് ബിരുദം / കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തര ബിരുദം / കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദം<br>• PMP / Prince 2 സെർട്ടിഫിക്കേഷൻ<br>• സർട്ടിഫൈഡ് ബിസിനസ് അനാലിസിസ് പ്രൊഫഷണൽ (CBAP) അല്ലെങ്കിൽ ISEB ബിസിനസ് അനാലിസിസ് ഡിപ്ലോമ അഭികാമ്യം<br>• മികച്ച ആശയവിനിമയ കഴിവ്<br><br>**<u>പ്രവൃത്തി പരിചയം:</u>**<br><br>• കോർപ്പറേറ്റ് ഐടി മേഖലയിലോ വലിയ മൾട്ടിനാഷണൽ കമ്പനിയിലോ മൊത്തത്തിൽ 7 മുതൽ 10 വർഷം വരെ പ്രവൃത്തിപരിചയം, അതിൽ ബിസിനസ് വിശകലനത്തിലോ അനുബന്ധ സാങ്കേതിക മേഖലയിലോ (ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, ഡിപ്ലോയ്മെന്റ് ഇമ്പ്ലിമെന്റേഷൻ & ഇൻഫ്രാസ്ട്രക്ചർ) |

പരമാവധി 3 വർഷത്തെ പ്രവൃത്തി പരിചയവും പ്രോജക്ട് മാനേജ്മെന്റിൽ 5 വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.

- ബിസിനസ്സ്, യൂസർ & നോൺ ഫംഗ്ഷണൽ / സിസ്റ്റം ലെവൽ ആവശ്യകതകൾ എഴുതുന്നതിലും അവലോകനം ചെയ്യുന്നതിലുമുള്ള പരിചയം.
- സർക്കാർ പദ്ധതികളിൽ പ്രവർത്തിച്ച പരിചയം അഭികാമ്യം
- വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ വിലയിരുത്തുന്നതിനായി ഗ്രൂപ്പ് ഡിസ്കഷൻ, എഴുത്ത് പരീക്ഷകൾ മുതലായവ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ ഷോർട്ട്ലിസ്റ്റ് ചെയ്യുന്നു.
- ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളെ ഉന്നതതല കമ്മിറ്റി അഭിമുഖം നടത്തുകയും യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ഒഴിവുകളുടെ എണ്ണം: 01

**ii. പ്രോഗ്രാം എക്സിക്യൂട്ടീവ്**

വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും:

- ഫസ്റ്റ് ക്ലാസ് ഫുൾ ടൈം MBA /MSW / ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി, അപ്ലൈഡ് സയൻസസ്, സോഷ്യൽ സയൻസസ് എന്നിവയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ, വീഡിയോ കമ്മ്യൂണിക്കേഷൻ, മീഡിയ സ്റ്റഡീസ് എന്നിവയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ബി.ടെക്/എൻജിനീയറിങ് ബിരുദവും 2 മുതൽ 3 വർഷം പ്രവർത്തി പരിചയവും
- മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മികച്ച ആശയവിനിമയ വൈദഗ്ധ്യം
- മികച്ച ലോജിക്കൽ, അനലിറ്റിക്കൽ, ക്രിട്ടിക്കൽ റീസണിങ്ങിനുള്ള കഴിവ്
- കമ്പ്യൂട്ടർ പരിജ്ഞാനം
- വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ വിലയിരുത്തുന്നതിനായി ഗ്രൂപ്പ് ഡിസ്കഷൻ, എഴുത്ത് പരീക്ഷകൾ മുതലായവ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | • ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളെ ഉന്നതതല കമ്മിറ്റി അഭിമുഖം നടത്തുകയും യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു.<br><br>ഒഴിവുകളുടെ എണ്ണം: 01 |
| (ബി) | മേൽപ്പറഞ്ഞ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | കെ-ഡിസ്കിലെ നിയമനങ്ങൾ സി.എം.ഡി. മുഖേനയാണ് നടത്തിവരുന്നത്. |
| (സി) | മേൽപ്പറഞ്ഞ വിദ്യാഭ്യാസയോഗ്യതയും പ്രവൃത്തി പരിചയവുമുള്ള ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തെ എംപ്ലോയ്മെന്റ്/പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അധികാരികൾ രേഖാമൂലം കെ-ഡിസ്കിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച് നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | കെ-ഡിസ്കിലെ നിയമനങ്ങൾ സി.എം.ഡി. മുഖേനയാണ് നടത്തിവരുന്നത്. |
| (ഡി) | കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി നടപ്പാക്കുന്ന മേൽപ്പറഞ്ഞ നിയമനപ്രക്രിയ അടിയന്തരമായി റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | കെ-ഡിസ്കിലെ നിയമനങ്ങൾ സി.എം.ഡി. മുഖേനയാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ

# **അനുബന്ധം**

| Position | No of Vacancy | Qualification | Experience |
|---|---|---|---|
| Driver | 1 | SSLC with Light Motor Vehicle License | 2 years experience as LMV Driver |
| Office Attendant | 1 | SSLC | NA |
| Office Assistant | 1 | Degree & Diploma in Computer Application | NA |
| Support Executive | 1 | Any professional degree | NA |
| Senior Consultant | 1 | Post Graduate Degree or Equivalent in Technology /Science/ Management | 10 years of professional experience. |
| Data Analyst | 1 | Degree and Certification in Data Analytics | 2 years as Data Analyst |
| Programme Manager | 10 | Programme Managers on Deputation from ASAP with experience in skilling programmes | NA |
| Project Intern (KMTC) | 2 | MBA with specialisation in Marketing & Finance. | NA |